(സി) നിലവിലുള്ള ഇ. എസ്. ഐ. ഡിസ്പെൻസറികളെ രോഗികളെ കിടത്തി ചികിൽസിക്കുന്നതിനുള്ള ആശുപത്രികളായി ഉയർത്തുന്നതിന് നിലവിലുള്ള ചട്ടങ്ങൾ അനുവദിക്കുന്നില്ല.

കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എൻറർപ്രൈസസിന്റെ കീഴിലുള്ള വ്യവസായ സ്ഥാപനങ്ങൾ

*20 [332] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എൻറർപ്രൈസസിന്റെ കീഴിലുള്ള വ്യവസായ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത സ്ഥാപനങ്ങളിൽ നഷ്ടത്തിൽ പ്രവർത്തിക്കുന്നവയെ ലാഭകരമാക്കുന്നതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഇതിന്റെ ഫലമായി ഏതെല്ലാം സ്ഥാപനങ്ങളെ ലാഭകരമാക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എൻറർപ്രൈസസിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഏതെങ്കിലും സ്ഥാപനങ്ങൾ സ്വകാര്യ മേഖലയ്ക്ക് കൈമാറുന്നത് സംബന്ധിച്ച് കരാർ ഒപ്പിട്ടിട്ടുണ്ടോ;

(ഇ)) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്):

(എ) കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എൻറർപ്രൈസസിന്റെ പ്രവർത്തനങ്ങൾ സർക്കാർ വിലയിരുത്തിയിട്ടുണ്ട്; ഈ സ്ഥാപനത്തിന്റെ കീഴിൽ ഇപ്പോൾ യൂണിറ്റുകളൊന്നും പ്രവർത്തിക്കുന്നില്ല.

(ബി, സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) ഇല്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

സ്വകാര്യ ദേവസ്വം ക്ഷേത്ര ജീവനക്കാർക്ക് മിനിമം വേജസ്

*21 [333] ശ്രീ. കെ. മുഹമ്മദാലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ദേവസ്വം ക്ഷേത്ര ജീവനക്കാർക്ക് മിനിമം വേജസ് ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) ഇക്കാര്യം എന്നത്തേക്ക് പ്രാബല്യത്തിൽ വരുത്താൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly